# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1307 — 06/02/2020-ൽ മറുപടിയ്ക്ക്

## സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗം

ചോദ്യം :

ശ്രീ.പി.വി. അൻവർ

മറുപടി :

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ പേരിൽ സാമൂഹിക മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് അപ്പ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇത്തരം സംവിധാനങ്ങൾ ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ജില്ലാ കളക്ടർമാരുടെ പേരിൽ സാമൂഹിക മാധ്യമങ്ങളായ ഫേസ്ബുക്ക്, വാട്സ് അപ്പ്, ട്വിറ്റർ, ഇൻസ്റ്റഗ്രാം എന്നിവയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മലപ്പുറം ജില്ല കളക്ടറുടെ പേരിൽ സാമൂഹിക മാധ്യമമായ ഫേസ്ബുക്കിൽ ഡിസ്ട്രിക്റ്റ് കളക്ടർ മലപ്പുറം എന്ന പേരിൽ അക്കൗണ്ട് ഉണ്ടോ; ഇത് ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടാണോ; വിശദമാക്കാമോ; | (ബി) | മലപ്പുറം ജില്ല കളക്ടറുടെ പേരിൽ facebook.com/malappuramcollector എന്ന ഫേസ്ബുക്ക് പേജ് നിലവിലുണ്ട്. ആയത് മലപ്പുറം ജില്ലാ കളക്ടറുടെ ഔദ്യോഗിക ഫേസ്ബുക്ക് പേജാണ്. പ്രസ്തുത ഫേസ്ബുക്ക് പേജ് ആരംഭിച്ചത് 2015 ലാണ്. |
| (സി) | പ്രസ്തുത ഫേസ്ബുക്ക് ഐ.ഡിയിൽ വരുന്ന പോസ്റ്റുകളും കുറിപ്പുകളും തയ്യാറാക്കുന്നത് ആരാണെന്നും ഇത് തയ്യാറാക്കുന്ന ഉദ്യോഗസ്ഥന്റെ പേരും വിലാസവും ഇതിൽ വരുന്ന പോസ്റ്റുകളുടെ ഉത്തരവാദിത്തം ആർക്കാണെന്നുമുള്ള വിശദവിവരം അറിയിക്കുമോ; | (സി) | പ്രസ്തുത പേജിലെ പോസ്റ്റുകൾ തയ്യാറാക്കുന്നത് മലപ്പുറം ജില്ലാ കളക്ടർ തന്നെയാണ്. ടി പേജിലെ എല്ലാ പോസ്റ്റുകളുടെയും ഉത്തരവാദിത്തം ജില്ലാ കളക്ടർക്കാണ്. |

| | | | |
|---|---|---|---|
| (ഡി) | ഡിസ്ട്രിക്ക് കളക്ടർ മലപ്പുറം എന്ന പേരിൽ ഫേസ്ബുക്ക് അക്കൗണ്ട് തുടങ്ങുന്നതിനും അതിൽ പോസ്റ്റ് ചെയ്യുന്നതിനും സംസ്ഥാന സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ; ഇത്തരം പ്രവൃത്തികൾ ആൾ ഇന്ത്യ സർവ്വീസ് (കണ്ടക്ട് റൂൾ) 1968-പരിധിയിൽ വരുന്നവയാണോ; വിശദമാക്കാമോ? | (ഡി) | ആവശ്യമില്ല. സർക്കാർ പദ്ധതികളെ കുറിച്ചും മറ്റുമുള്ള ഔദ്യോഗിക കാര്യങ്ങൾ പങ്കുവക്കുന്നതിനും ജനങ്ങളിൽ നിന്ന് നേരിട്ട് പരാതികളും മറ്റും സ്വീകരിക്കുന്നതിനുമാണ് ജില്ലാ കളക്ടർമാരുടെ പേരിൽ സാമൂഹ്യ മാധ്യമങ്ങളിൽ അക്കൗണ്ടുകൾ തുടങ്ങിയിട്ടുള്ളത്. ആയത് ആൾ ഇന്ത്യാ സർവ്വീസ് (കണ്ടക്ട് റൂൾ) 1968-ന്റെ പരിധിയിൽ വരുന്നതാണോ എന്ന കാര്യം പരിശോധിച്ചിട്ടില്ല. |

PR

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നം. | ജില്ലാ കളക്ടർ | ഫേസ്ബുക്ക് | വാട്സ് ആപ്പ് | ട്വിറ്റർ | ഇൻസ്റ്റഗ്രാം |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | കൊല്ലം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 3 | പത്തനംതിട്ട | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 4 | ആലപ്പുഴ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | കോട്ടയം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 6 | ഇടുക്കി | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 7 | എറണാകുളം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 8 | തൃശ്ശൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9 | പാലക്കാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 10 | മലപ്പുറം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11 | കോഴിക്കോട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 12 | വയനാട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 13 | കണ്ണൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 14 | കാസർഗോഡ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |

PR

(signature)

**സെക്ഷൻ ഓഫീസർ**